മിനിമം ഗ്യാരൻറി വച്ചിട്ടുള്ളവർക്ക് വിദ്യുച്ഛക്തി കണക്ഷൻ

598. [816] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം ഗ്യാരൻറി എഗ്രിമെൻറ് വച്ചിട്ടുള്ള വിദ്യുച്ഛക്തി കണക്ഷനുകൾ ഇപ്പോൾ നൽകുന്നുണ്ടോ ;

(ബി) നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) 1985 ഡിസംബർ അവസാനംവരെ മിനിമം ഗ്യാരൻറി വച്ചിട്ടുള്ളതിൽ ഇനി എത്ര കണക്ഷനുകൾ കൊടുക്കാനുണ്ട് ;

(ഡി) ഈ കണക്ഷനുകൾ എത്ര മാസത്തിനകം കൊടുക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) 1986 ആഗസ്റ്റ് അവസാനംവരെ ഹൗസ് കണക്ഷനുവേണ്ടി സി. ഡി. അടച്ച് അപേക്ഷിച്ചതിൽ ഇനി എത്ര കണക്ഷനുകൾ കൊടുക്കാനുണ്ട് ;

(എഫ്) ഇത് എത്ര മാസത്തിനകം കൊടുത്തു തീർക്കും ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 1,24,740.

(എഫ്) ആറു മാസത്തിനകം കൊടുത്തു തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1980-81 മുതൽ 1985-86 വരെ വൈദ്യുതി കണക്ഷനു ലഭിച്ച അപേക്ഷകൾ

599. [817] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-81 മുതൽ 1985-86 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് വിദ്യുച്ഛക്തി കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഇതിൽ എത്ര അപേക്ഷകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(സി) കോൺട്രിബ്യൂഷൻ വാങ്ങിക്കൊണ്ടും അല്ലാതെയും കൊടുത്ത കണക്ഷനുകൾ എത്രയാണെന്ന് വേർതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) മേൽ സൂചിപ്പിച്ച ഓരോ വർഷത്തിലും കോൺട്രിബ്യൂഷൻ ഇനത്തിൽ കേരളാ ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ച തുക എത്ര വീതമാണ് ;

(ഇ) കോൺട്രിബ്യൂഷൻ ഇനത്തിൽ 1986 സെപ്റ്റംബർ 30 വരെ ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ച തുക എത്ര ?

LIBRARY ARCHIVES Kerala Legislative Assembly